തലത്തിൽ നിന്ന് ജില്ലകളുടെ ചാർജ്ജുള്ള ആഫീസർമാരും ആശുപത്രികളിൽ മേൽനോട്ടത്തിനായി സന്ദർശനം നടത്തുമ്പോൾ ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനവും പരിശോധിച്ചുവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ശാസ്ത്രീയമായരീതിയിൽ ആന്തരികാവയവങ്ങളും മറ്റ് മനുഷ്യാവയവങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

എൻഡോസൾഫാൻമൂലം രോഗബാധിതരായവരുടെ എണ്ണം

31 (8091) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

എൻഡോസൾഫാൻ തളിച്ചതുമൂലം സംസ്ഥാനത്ത് രോഗികളായവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് എൻഡോസൾഫാൻ തളിച്ചതുമൂലം രോഗബാധിതർ ഉള്ളതായി സ്ഥിരീകരിച്ചിട്ടുള്ളത് കാസർഗോഡ് ജില്ലയിൽ മാത്രമാണ്. എൻഡോസൾഫാൻ തളിച്ചതുമൂലം കാസർഗോഡ് ജില്ലയിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം 5227 (അയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഏഴ്) ആണ്.

പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിലെ കാലതാമസം

32 (8092) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ പല കേസ്സുകളുടെയും അന്വേഷണം താമസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) ദുരൂഹസാഹചര്യത്തിൽ മരണപ്പെടുന്നവരുടെ ആന്തരിക അവയവങ്ങളുടെ രാസപരിശോധനാഫലം താമസംകൂടാതെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(ഡി) കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 2220/13 കേസ്സിന്റെ രാസ പരിശോധനാഫലം അടിയന്തരമായി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly